# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 08.03.2026**

### പ്രധാനവാർത്തകൾ

1. വനിതകളുടെയും പെൺകുട്ടികളുടെയും അവകാശവും നീതിയും ഉറപ്പാക്കാൻ ആഹ്വാനം ചെയ്ത് ഇന്ന് അന്താരാഷ്ട്ര വനിതാ ദിനം.

2. പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിൽ 33,500 കോടി രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കമിടും.

3. പശ്ചിമേഷ്യയിൽ സംഘർഷം തുടരുന്നു. 52,000-ത്തിലധികം ഇന്ത്യക്കാർ സുരക്ഷിതമായി തിരികെയെത്തിയതായി വിദേശകാര്യ മന്ത്രാലയം.

4. മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കും ക്ഷേമത്തിനും സർക്കാർ വലിയ പരിഗണനയാണ് നൽകുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

5. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ കുട്ടികൾക്ക് സൈബർ സുരക്ഷാ മാനദണ്ഡങ്ങൾ പുറത്തിറക്കി കൈറ്റ്.

6. ഐസിസി ടി-20 ക്രിക്കറ്റ് ലോകകപ്പിൽ ഇന്ന് ഇന്ത്യ - ന്യൂസിലാൻഡ് കിരീട പോരാട്ടം.

&&&&&&&&&&&&&&

RNUTVPM

## അന്താരാഷ്ട്ര വനിതാ ദിനം

ഇന്ന് അന്താരാഷ്ട്ര വനിതാ ദിനം. എല്ലാ വനിതകൾക്കും പെൺകുട്ടികൾക്കും അവകാശം, നീതി, പ്രവർത്തനം എന്നതാണ് ഈ വർഷത്തെ പ്രമേയം. സ്ത്രീകളുടെ നേട്ടങ്ങൾ അംഗീകരിക്കുന്നതിനും ലിംഗ സമത്വത്തിനായി പ്രവർത്തിക്കുന്നതിനുമാണ് ഐക്യരാഷ്ട്രസഭ 1977 ൽ വനിതാ ദിനാചരണം ആരംഭിച്ചത്. രാഷ്ട്രപതി ദ്രൗപതി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി, ലോക് സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, മുഖ്യമന്ത്രി പിണറായി വിജയൻ ഉൾപ്പെടെയുള്ളവർ ജനങ്ങൾക്ക് വനിതാ ദിന ആശംസകൾ അറിയിച്ചു. ദിനാചരണത്തിന്റെ ഭാഗമായി ന്യൂഡൽഹിയിലെ മനേക്ഷാ സെൻററിൽ നടന്ന പരിപാടിയിൽ രാഷ്ട്രപതി ദ്രൗപതി മുർമു മുഖ്യ പ്രഭാഷണം നടത്തി. കേന്ദ്ര വനിതാ-ശിശു വികസന മന്ത്രാലയം ന്യൂഡൽഹിയിൽ 'ശക്തി വാക്ക്' സംഘടിപ്പിച്ചു.

RNU TVPM

**&&&&&&&&&&&&&&**

## പി.എം - ഡൽഹി മെട്രോ പദ്ധതി

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ 33,500 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കും. ഡൽഹി മെട്രോയുടെ ഇടനാഴികളും 18,300 കോടി രൂപയോളം വരുന്ന ഡൽഹി മെട്രോ പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും പ്രധാനമന്ത്രി നിർവഹിക്കും.

**&&&&&&&&&&&&&&**

## ക്രിക്കറ്റ് (ഇൻട്രോ)

ഐസിസി ടി-20 ക്രിക്കറ്റ് ലോകകപ്പ് ഫൈനലിൽ ഇന്ത്യ ഇന്ന് ന്യൂസിലാൻഡിനെ നേരിടും. തുടർച്ചയായ രണ്ടാം ടി-20 ലോകകപ്പ് കിരീടം ലക്ഷ്യമിട്ടാണ് ഇന്ത്യ ഇറങ്ങുന്നത്. അഹമ്മദാബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിൽ രാത്രി ഏഴ് മണിക്കാണ് മത്സരം.

**ആകാശവാണി പ്രതിനിധി സുരേഷ് ബാബു തയ്യാറാക്കിയ റിപ്പോർട്ട്... (വോയ്സ്)**

**&&&&&&&&&&&&&&**

## പശ്ചിമേഷ്യ സംഘർഷം - എംഇഎ

പശ്ചിമേഷ്യയിൽ സംഘർഷം ശമനമില്ലാതെ തുടരുന്നു. ലക്ഷ്യങ്ങൾ കൈവരിക്കുന്നതുവരെ ഇറാനെതിരായ സൈനിക നടപടികൾ തുടരുമെന്ന് ഇസ്രായേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹു പറഞ്ഞു. ഇറാനുമായുള്ള ഒരു കരാറും അംഗീകരിക്കില്ലെന്നും നിരുപാധികം കീഴടങ്ങണമെന്നും യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് ആവർത്തിച്ചു. എന്നാൽ നിരുപാധികമായ കീഴടങ്ങലിന് ഉള്ള അമേരിക്കയുടെ ആവശ്യം ഇറാൻ പ്രസിഡന്റ് മസൂദ് പെഷേഷ്കിയൻ തള്ളി. അതേസമയം, മേഖലയിൽ വ്യോമാതിർത്തി ഭാഗികമായി തുറന്നതിനെത്തുടർന്ന്, ഈ മാസം ഒന്ന് മുതൽ ഇന്നലെ വരെ 52,000-ത്തിലധികം ഇന്ത്യക്കാർ സുരക്ഷിതമായി രാജ്യത്ത് തിരികെയെത്തിയതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ആഗോള സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ ഇന്ധനക്ഷാമം ഉണ്ടാകുമെന്ന അഭ്യൂഹങ്ങളിൽ ആശങ്കപ്പെടേണ്ടന്ന് കേന്ദ്രസർക്കാർ അറിയിച്ചു. ഇന്ധന വിതരണ ശൃംഖല സുഗമമായി തുടരുകയാണെന്നും രാജ്യത്ത് ആവശ്യത്തിന് എണ്ണശേഖരമുണ്ടെന്നും വ്യാജ പ്രചാരണങ്ങൾ ഒഴിവാക്കാനും കേന്ദ്രം ആവശ്യപ്പെട്ടു.

PNU TVPM

&&&&&&&&&&&&&&&

## നേപ്പാൾ - തിരഞ്ഞെടുപ്പ്

നേപ്പാളിൽ പാർലമെൻററി തെരഞ്ഞെടുപ്പിൽ 135 മണ്ഡലങ്ങളിലെ ഫലം വന്നപ്പോൾ രാഷ്ട്രീയ സ്വതന്ത്ര പാർട്ടി 106 സീറ്റുകളിൽ വിജയിച്ചു. 18 മണ്ഡലങ്ങളിൽ RSP മുന്നിട്ടു നിൽക്കുകയാണ്. 28 മണ്ഡലങ്ങളിലെ വോട്ടെണ്ണൽ പുരോഗമിക്കുന്നു. തിരഞ്ഞെടുപ്പ് വിജയകരമായും സമാധാനപരമായും നടത്തിയ നേപ്പാളിലെ സർക്കാരിനെയും ജനങ്ങളെയും പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു.

&&&&&&&&&&&&&&&

## നവകേരളം – മുഖ്യമന്ത്രി

മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കും ക്ഷേമത്തിനുമായി സർക്കാർ വലിയ പരിഗണനയാണ് നൽകുന്നതെന്ന് മുഖ്യമന്ത്രി

പിണറായി വിജയൻ. തീരദേശവാസികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി സമുദ്ര സുരക്ഷ വർദ്ധിപ്പിക്കുന്നതിനും രക്ഷാപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പ്രാധാന്യം നൽകുമെന്നും മുഖ്യമന്ത്രി പറഞ്ഞു. ചെല്ലാനം ടെട്രാപോഡ് തീരസംരക്ഷണ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ പൂർത്തീകരണ പ്രഖ്യാപനവും രണ്ടാംഘട്ടത്തിലെ നിർമ്മാണ ഉദ്ഘാടനവും നിർവഹിക്കുകയായിരുന്നു അദ്ദേഹം. വികസനം ഒരു പ്രദേശത്ത് മാത്രം ഒതുങ്ങിനിൽക്കേണ്ട ഒന്നല്ലെന്നും എല്ലാ വിഭാഗം ജനങ്ങളും അതിന്റെ ഗുണം അനുഭവിക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

&&&&&&&&&&&&&

## കൈറ്റ് - സൈബർ സുരക്ഷാ

എ.ഐ കാലത്തെ വെല്ലുവിളികൾ നേരിടാൻ കുട്ടികൾക്കായി 'സൈബർ സുരക്ഷാ മാനദണ്ഡങ്ങൾ പുറത്തിറക്കി കൈറ്റ്. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ കുട്ടികൾക്ക് ഡിജിറ്റൽ പഠനാന്തരീക്ഷവും സൈബർ സുരക്ഷയും ഉറപ്പാക്കുകയാണ് ലക്ഷ്യം. സംശയാസ്പദമായ ലിങ്കുകളിൽ ക്ലിക്ക് ചെയ്യാതിരിക്കുക, ലൈവ് ലൊക്കേഷൻ അല്ലെങ്കിൽ സ്വകാര്യ വിവരങ്ങൾ സമൂഹമാധ്യമങ്ങളിൽ പങ്കുവെയ്ക്കാതിരിക്കുക, ഓൺലൈൻ ഗെയിമുകളിൽ ക്യാമറ പെർമിഷൻ അല്ലെങ്കിൽ ലൈവ് ചാറ്റ് ഒഴിവാക്കുക തുടങ്ങി ഇരുപത്തഞ്ച് നിർദേശങ്ങളാണ് കുട്ടികൾക്കായുള്ളത്. സ്ഥാപന മേധാവികൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവർക്കായും പ്രത്യേകം മാർഗനിർദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

&&&&&&&&&&&&&

## മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ

സംശുദ്ധമായ വോട്ടർപട്ടികയാണ് ജനാധിപത്യത്തിന്റെ അടിത്തറയെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ. നിയമസഭാ തിരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ അവലോകനം ചെയ്ത ശേഷം കൊച്ചിയിൽ വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

PNUTVPM

യോഗ്യതയുള്ള ഒരു വോട്ടർ പോലും പട്ടികയ്ക്ക് പുറത്താകില്ലെന്ന് ഉറപ്പാക്കിയതായും അദ്ദേഹം വ്യക്തമാക്കി. ജനാധിപത്യ സംവിധാനങ്ങളുടെ കാര്യത്തിൽ കേരളം രാജ്യത്തിനാകെ മാതൃകയാണെന്നും ശ്രീ ഗ്യാനേഷ് കുമാർ അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&

<u>ഇടുക്കി - (ഇൻട്രോ)</u>

പുരുഷന്മാർക്ക് മേൽക്കോയ്മയുണ്ടായിരുന്ന ഗോത്രനൃത്ത വേദികളിൽ ചുവടുറപ്പിച്ച് ഇടുക്കി വെള്ളിയാമറ്റം പഞ്ചായത്തിലെ തടിയനാൽ ആദിവാസി ഉന്നതിയിലെ ഒരു കൂട്ടം സ്ത്രീകൾ. ഊരാളി സമുദായത്തിന്റെ പാരമ്പര്യ കലകളായ കമ്പു കളിയും ചവിട്ടു കളിയും അഭ്യസിച്ച് , പുരുഷന്മാർക്കൊപ്പം ദീർഘനേരം വിശ്രമമില്ലാതെ നൃത്തം ചെയ്യാൻ പ്രാപ്തരാക്കിയത്, നിരന്തരമായ പരിശീലനമാണെന്ന് ഈ ഗോത്രവനിതകൾ അഭിമാനത്തോടെ പറയുന്നു.

**ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്...**

**( വോയിസ്....)**

&&&&&&&&&&&&&&

<u>വനിതാ ദിനം - സായി</u>

അന്താരാഷ്ട്ര വനിതാ ദിനത്തിന്റെ ഭാഗമായി തിരുവനന്തപുരത്ത് സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ, മൈ ഭാരത്, ഫിറ്റ് ഇന്ത്യ എന്നിവയുടെ നേതൃത്വത്തിൽ "സൺഡേസ് ഓൺ സൈക്കിൾ" എന്ന പരിപാടി സംഘടിപ്പിച്ചു. ഗവർണറുടെ പത്നി അനഘ ആർലേക്കർ മുഖ്യാതിഥി ആയിരുന്നു. രാജ്യത്തിനായി വിവിധ കായിക മത്സരങ്ങളിൽ വിജയികളായ വനിതകളെ ചടങ്ങിൽ ആദരിച്ചു.

&&&&&&&&&&&&&&

<u>നിർഭയ നിശ</u>

വനിതാ ദിനത്തോടനുബന്ധിച്ച്, വനിതകൾക്ക് ഭയരഹിത രാത്രിയാത്ര ഉറപ്പാകുന്നതിനുള്ള കേരള പോലീസിന്റെ പദ്ധതിയായ നിർഭയ നിശ സംസ്ഥാനത്തുടനീളം നടപ്പാക്കുന്നു. പദ്ധതിയുടെ സംസ്ഥാന തല ഉദ്ഘാടനവും പോലീസ്

RNU TVPM

വാഹനങ്ങളുടെ ഫ്ലാഗ് ഓഫും ഇന്ന് രാത്രി തിരുവനന്തപുരം മാനവീയം വീഥിയിൽ നടക്കുന്ന ചടങ്ങിൽ DGP റവാഡ ചന്ദ്രശേഖർ നിർവഹിക്കും. പദ്ധതിയുടെ കണ്ണൂർ ജില്ലാതല ഉദ്ഘാടനം രാത്രി എട്ട് മണിക്ക് കണ്ണൂർ കാൽടെക്സിൽ നടക്കും. മറ്റു ജില്ലകളിലും സ്ത്രീകളുടെ രാത്രി നടത്തം ഉൾപ്പടെ സംഘടിപ്പിക്കും.

&&&&&&&&&&&&&&

**മഹിളാ മോർച്ച മെഡിക്കൽ ക്യാമ്പ്**

അന്താരാഷ്ട്ര വനിതാ ദിനത്തിന്റെ ഭാഗമായി മഹിളാ മോർച്ചയുടെ നേതൃത്വത്തിൽ തിരുവനന്തപുരം നഗരസഭയിലെ നെടുങ്കാട് വാർഡിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. കേന്ദ്ര സഹമന്ത്രി ശോഭ കരന്തലജെ മെഡിക്കൽ ക്യാമ്പ് ഉദ്ഘാടനം ചെയ്ത് വനിതാ ദിന സന്ദേശം നൽകി.

RNU TVPM

&&&&&&&&&&&&&&

**പാലക്കാട് - സീതായനം ആട്ടക്കഥ (ഇൻട്രോ)**

രാമായണത്തിന്റെ വ്യത്യസ്ത ആഖ്യാനവുമായി സീതായനം ആട്ടക്കഥ വനിതാ ദിനത്തിൽ അരങ്ങിലെത്തി. പാലക്കാട് കല്ലേക്കുളങ്ങര കഥകളി ഗ്രാമത്തിന്റെ നേതൃത്വത്തിലായിരുന്നു അവതരണം.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്...**

(വോയ്സ്)

&&&&&&&&&&&&&&

**തീവ്ര വോട്ടർ പട്ടിക - കേരളം**

സംസ്ഥാനത്ത് ഈ വർഷം ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായിട്ടും, തീവ്ര വോട്ടർ പട്ടിക പരിഷ്കരണ സമയത്ത് പേരു ചേർക്കാൻ സാധിക്കാത്തവർക്ക് പട്ടികയിൽ പേര് ചേർക്കാൻ അവസരം. voters.eci.gov.in എന്ന വെബ്സൈറ്റിലൂടേയോ, ECINET മൊബൈൽ ആപ്പ് വഴിയോ, ബൂത്തുതല ഓഫീസർ വഴിയോ അപേക്ഷിക്കാം. നാമനിർദ്ദേശപത്രിക സമർപ്പിക്കാനുള്ള

അവസാന തീയതി വരെയാണ് പേര് ചേർക്കാൻ അവസരമുള്ളത്.

&&&&&&&&&&&&&&

## ഗുരുവായൂർ ക്ഷേത്രോത്സവം

ഗുരുവായൂർ ശ്രീകൃഷ്ണ ക്ഷേത്രോത്സവത്തിലെ ഒൻപതാം ഉത്സവ ദിവസമായ ഇന്ന് കാഴ്ച ശീവേലി, പന്തീരടി പൂജ, ശ്രീഭൂതബലി എന്നിവ നടക്കും. വൈകുന്നേരം ഭക്തജനങ്ങൾക്ക് നാലമ്പലത്തിൽ പ്രവേശന നിയന്ത്രണം ഉണ്ടായിരിക്കും. പത്താം ദിവസമായ നാളെ ആറാട്ടോടെ ഗുരുവായൂർ ഉത്സവത്തിന് സമാപനം ആകും.

&&&&&&&&&&&&&

&&&&&&&&&&&

&&&&&&&&&&

RNU TVPM